(1)	(2)	(3)
കോട്ടയം	163	222.42
എറണാകുളം	11	11.87
ആലപ്പുഴ	8	8.00
തൃശ്ശൂർ	20	23.67
ഇടുക്കി	4	4.00
പാലക്കാട്	41	43.96
കോഴിക്കോട്	29	43.49
വയനാട്	11	10.15
കണ്ണൂർ	334	401.06
മലപ്പുറം	30	32.00
കാസർഗോഡ്	84	93.52
ആകെ	1146	1423.32

ആലത്തൂരിൽ മാതൃകാ അങ്കണവാടി നിർമ്മാണം

269 (4315) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്നും മാതൃകാ അങ്കണവാടി നിർമ്മാണത്തിനായി എത്ര പ്രൊപ്പോസലുകളാണ് ലഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അങ്കണവാടികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ നെന്മാറ അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ടിനുകീഴിലുള്ള മേലാർകോട് ഗ്രാമപഞ്ചായത്തിലെ 82-ാം നമ്പർ അങ്കണവാടിയെ മാതൃക അങ്കണവാടിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസലാണ് ലഭിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നിർമ്മാണ പ്രവർത്തനം നിർവ്വഹിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കരാർ ഒപ്പുവച്ചിട്ടുണ്ട്.

സാമൂഹ്യനീതിവകുപ്പ് നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ

270 (4316) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതിവകുപ്പിന്റെകീഴിൽ നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ ഏതൊക്കെയെന്ന് ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ ; ഇവയുടെ ഓരോന്നിനുമുള്ള അപേക്ഷകളുടെ കോപ്പിയും അർഹതാ മാനദണ്ഡമടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ബി) അറുപത് വയസ്സിന് മുകളിലുള്ള ഏജ് ഗ്രൂപ്പുകാരുടെ വയസ്സ് തിരിച്ചുള്ള പ്രത്യേക കണക്ക് തയ്യാറാക്കിയിട്ടുണ്ടോ ; ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണ് ;

(സി) ഇവർക്കായി സാമൂഹ്യനീതിവകുപ്പ് മുഖേന നടത്തുന്ന സഹായ സംരക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; ഓരോ പഞ്ചായത്തും കേന്ദ്രീകരിച്ച് ഇവരുടെ സഹായ സംരക്ഷണ പ്രവർത്തനങ്ങൾക്കും ആരോഗ്യ പരിരക്ഷ, പാർപ്പിട സൗകര്യം, സാമൂഹ്യ പരിരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ശിശുസംരക്ഷണ പദ്ധതികൾ

271 (4317) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വിവിധ ശിശുസംരക്ഷണ പദ്ധതികൾ ഒരു കുടക്കീഴിൽ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly